**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2844.** **06.02.2018 ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഉണ്ടെങ്കിൽ സ്കൂൾ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "വിമുക്തി" എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ കുട്ടികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്കൂൾ കോളേജ് കുട്ടികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിച്ചു വരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി'യെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് ആനയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പത്തൊൻപത് വയസ്സിൽ താഴെയുള്ള സീനിയർ ആൺകുട്ടികൾക്കായി സംസ്ഥാനതലത്തിൽ കബഡി മത്സരം നടത്തുകയുണ്ടായി. സ്പോർട്ട്സ് കൗൺസിലുമായി സഹകരിച്ചുകൊണ്ട് കായിക രംഗത്ത് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതിയുണ്ട്. സ്കൂൾ പരിസരങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തി കേസുകൾ കണ്ടുപിടിച്ച് എൻഡിപിഎസ്., കോട്പ ആക്റ്റുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്കൂളുകളുടെ ടോയ് ലെറ്റുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂൾ ടോയ്‌ലറ്റുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി ഉപയോഗം തടയാൻ പ്രസ്തുത സ്ഥലങ്ങളിൽ ബന്ധപ്പെട്ട സ്കൂൾ, കോളേജ് അധികൃതരുമായി ചേർന്ന് പരിശോധന നടത്തുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**